മനുഷ്യനാണ് അദ്ദേഹം. Madras Standard-ന്റെ പത്രാധിപരായ ജി.പി. ഗ്രന്ഥകാരൻ എന്ന നിലയിലും അങ്ങേയറ്റം ആദരണീയനാണ്. ഈ ചരമശതാബ്ദി വർഷത്തിൽ അദ്ദേഹത്തിന് സമുചിതമായ സ്മാരകം നിർമ്മിക്കണം എന്ന് ഞാനഭ്യർത്ഥിക്കുന്നു. അതിന്റെ ഭാഗമായി വി.ജെ.ടി. ഹാളിൽ നിന്നും എടുത്തുമാറ്റിയ അദ്ദേഹത്തിന്റെ ചിത്രം പുനസ്ഥാപിക്കണം. തിരുവനന്തപുരത്ത് ഉചിതമായ സ്ഥാനത്ത് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുകയും ഗ്രന്ഥങ്ങളും മുഖപ്രസംഗങ്ങളും പുനഃപ്രസിദ്ധീകരിക്കുകയും വേണം. ഈ കാര്യങ്ങൾ ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുകയും ഇതിന് ആവശ്യമായ ഒരു സ്മാരക സമിതിയെ ബന്ധപ്പെട്ടവരുമായി ആലോചിച്ചു രൂപീകരിക്കുവാൻ മുൻകൈയെടുക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായൻ) : സർ, ബാരിസ്റ്റർ ജി.പി. പിള്ള കേരളവും ഭാരതവും ബഹുമാനിക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിനുവേണ്ടി ഒരു സ്മാരക സമുച്ചയം നിർമ്മിക്കുന്നതു സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ : ഇതെല്ലാം ഗവൺമെന്റാണോ, അതോ ആളുകളാണോ ചെയ്യേണ്ടത്. പ്രതിമകളൊക്കെ ചെയ്യേണ്ടത് ആളുകളല്ലേ. ജനപിന്തുണയുള്ള ആളുകളാണ് ചെയ്യേണ്ടത്.

**(2) കണ്ടശ്ശേരിയിൽ നാരായണന്റെ അപകടമരണം**

ശ്രീ. കെ. ബാബു : സർ, തൃപ്പുണിത്തുറ നിയോജകമണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിൽ പരവൂർ എന്നു പറയുന്ന സ്ഥലത്ത് കഴിഞ്ഞ 25-ാം തീയതി രാത്രി മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന ഒരു തൊഴിലാളി വേമ്പനാട്ടു കായലിൽ വച്ച് ദാരുണമായി ബോട്ടിടിച്ച് മരിക്കുകയുണ്ടായി. ജലഗതാഗതവകുപ്പിന്റെ ബോട്ടിടിച്ചാണ് മരിച്ചത്. ആ ബോട്ടിൽ ജീവനക്കാർ ലൈറ്റിട്ടിരുന്നില്ല. ദാരുണമായാണ് അയാൾ മരിച്ചത്. മാത്രമല്ല ഈ ബോട്ട് നിർത്താതെ പോയി. കൂടെയുണ്ടായിരുന്ന ആളുകളെ രക്ഷപ്പെടുത്താൻപോലും അവർ താൽപ്പര്യം കാണിച്ചില്ല. കൊല്ലപ്പെട്ട നാരായണന്റെ മൃതദേഹം പല തുണ്ടുകളായി ചിതറിപ്പോവുകയുണ്ടായി. ആദ്യം കൈ കിട്ടി. പിന്നെ മറ്റുപല ഭാഗങ്ങളും കിട്ടി. ഈ സംഭവത്തെക്കുറിച്ച് ഗൗരവമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ആകെ രണ്ടുസെന്റ് സ്ഥലത്തിൽ മാത്രം താസിക്കുന്ന വളരെ പാവപ്പെട്ട മത്സ്യതൊഴിലാളിയുടെ കുടുംബം നിരാലംബമായിരിക്കുകയാണ്. ഇതിനെക്കുറിച്ച് അന്വേഷിക്കുകയും ആ കുടുംബത്തിന് അടിയന്തിരമായി സഹായം നൽകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : സർ, വളരെ ദാരുണമായ സംഭവമാണ് അവിടെയുണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചതുപോലെ അല്ല, രക്ഷപ്പെട്ട ആളാണ് നാരായണൻ. മരിച്ചത് ദാമോദരനാണ്. നാരായണൻ അപകടമൊന്നും പറ്റാതെ രക്ഷപ്പെട്ടിട്ടുണ്ട്. ഇവർ മീൻ പിടിക്കുകയായിരുന്നു. പൂത്തോട്ടേയ്ക്ക് സർവ്വീസ് പോയ ബോട്ട് വാത്തിക്കാട്ട് ജെട്ടിയിൽ ആളെ ഇറക്കിയശേഷം പൂത്തോട്ടേയ്ക്ക് പോകുന്ന വഴി ബോട്ടുമുട്ടി കായലിന്റെ മദ്ധ്യ ഭാഗത്തുവച്ച് ബോട്ടുചാലിൽ വലയിട്ട് മൽസ്യബന്ധനം നടത്തിക്കൊണ്ടിരുന്ന വള്ളത്തിലുണ്ടായിരുന്ന തെക്കുംപരവൂർ സ്വദേശികളായ തണ്ടാശ്ശേരി നാരായണൻ, ദാമോദരൻ എന്നീ മൽസ്യത്തൊഴിലാളികളിൽ നാരായണൻ രക്ഷപ്പെടുകയും 54 വയസ്സുള്ള ദാമോദരൻ എന്ന ആളെ കാണാതാവുകയും ചെയ്തു. അതിനെ തുടർന്ന് പോലീസിന്റെയും നേവി ഉദ്യോഗസ്ഥന്മാരുടെയും മറ്റും സഹായത്തോടുകൂടി തെരച്ചിൽ നടത്തുകയും ദാമോദരന്റെ മൃതദേഹം 27-6-2003-ന് ലഭിക്കുകയും ചെയ്തു. ഇത് ബോട്ട് ചാലിൽ ലൈറ്റില്ലാതെ വലയിട്ടുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. സ്വാഭാവികമായി അങ്ങനെ ചെയ്യുന്നതാണ്. ധാരാളംപേർ രാത്രിയിൽ മീൻ പിടിക്കുന്നുണ്ട്. ഏതായാലും വല കുരുങ്ങിയാണ് ഇത് സംഭവിച്ചതെന്നാണ് പ്രാഥമിക അന്വേഷത്തിൽ കണ്ടെത്തിയിരിക്കുന്നത്. ഈ സംഭവത്തോടനുബന്ധിച്ച് പോലീസ് ക്രൈം നമ്പർ 121/3/യു.എസ്./280/304(എ) ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.. മേൽപ്പടിയാനെ കസ്റ്റഡിയിലെടുക്കുകയും തുടർന്ന് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. പോലീസ് വിശദമായി ഇൻവെസ്റ്റിഗേഷൻ നടത്തിവരുന്നു. ബോട്ടിന്റെ ഹെഡ്ലൈറ്റ് പ്രകാശിപ്പിച്ചിരുന്നില്ല എന്ന ആക്ഷേപമാണ് പ്രധാനമായും വന്നിരിക്കുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കുകയാണ്. ഈ ബോട്ടിന്റെ സ്രാങ്കായ പി.എം. ഭാർഗ്ഗവനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. അപകടത്തിൽപ്പെട്ട് മരിച്ച ദാമോദരന്റെ ആശ്രിതർക്ക് സാമ്പത്തികസഹായം നൽകാൻ ഇതുവരെ നടപടിയൊന്നും എടുത്തിട്ടില്ല. കളക്ടറാണ് അത് കൊടുക്കേണ്ടത്. എന്തെങ്കിലും ചെയ്യേണ്ടത് അത്യാവശ്യമാണ്. ആ കാര്യത്തിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. ബോട്ടിൽ യാത്ര ചെയ്യുന്ന ആളുകൾക്ക് ഇൻഷ്വറൻസുണ്ട്, ബോട്ട് മുട്ടി മരിക്കുന്നവർക്ക് ഇൻഷ്വറൻസില്ല. അതുകൊണ്ട് ഗവൺമെന്റ് തീർച്ചയായും ഈ കാര്യത്തിൽ പാവപ്പെട്ട മൽസ്യത്തൊഴിലാളിയുടെ കുടുംബം അനാഥമാകാതിരിക്കുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

### (3) പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ വടക്കുംകര വീട്ടിൽ പതിഭയുടേയും രണ്ട് കുട്ടികളുടേയും മരണം

ശ്രീ. എൻ. രാജൻ : സർ, പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ വടക്കുംകര വീട്ടിൽ പ്രതിഭയും ആറും ഒമ്പതും വയസ്സുള്ള രണ്ട് കുട്ടികളും 24-4-2003-ൽ ആര്യനാട് ഐത്തി എന്ന സ്ഥലത്തുള്ള ഭർത്താവ് സുധീഷിന്റെ വീട്ടിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഭർത്താവ് സുധീഷ് വിദേശത്തുനിന്നും വീട്ടിൽ വന്നതിന്റെ 17-ാം ദിവസമാണ് സംഭവമുണ്ടായത്. പ്രതിഭയുടെ ബന്ധുക്കളുടേയോ നാട്ടുകാരുടേയോ പരാതി പോലീസ് കേട്ടിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly